# Malayala Manorama

# 28 August 2018

# Kochi, After Flood, “Koodeyund Naadu”, Rehabilitation Aid Collection

## ‘കൂടെയുണ്ട് നാട്’: പുനരധിവാസ സഹായ ശേഖരണം തുടരുന്നു

കൊച്ചി ● പ്രളയബാധിതർക്കു കൈത്താങ്ങാകാൻ മലയാള മനോരമ ആരംഭിച്ച ‘കൂടെയുണ്ട് നാട്’ കലക്‌ഷൻ സെന്ററിലേക്ക് സഹായവുമായെത്തുന്നവരുടെ എണ്ണം കൂടുന്നു.

പനമ്പിള്ളി നഗറിലെ മനോരമ ഓഫിസിൽ എട്ടു മുതൽ എട്ടു വരെയാണ് കലക്‌ഷൻ സെന്റർ പ്രവർത്തിക്കുന്നത്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുറമേ റസിഡന്റ്സ് അസോസിയേഷനുകളും കുടുംബകൂട്ടായ്മകളും ക്യാംപുകൾ വിട്ടു വീട്ടിലേക്കു പോകുന്നവർക്കുള്ള അവശ്യസാധനങ്ങളുമായി എത്തുന്നുണ്ട്.

വീട്ടിലേക്കു മടങ്ങുന്ന കുടുംബാംഗങ്ങൾക്കുള്ള അവശ്യസാധനങ്ങളുടെ കിറ്റിലേക്കായി പാചക എണ്ണ പായ്ക്കറ്റുകൾ കൂടുതൽ ആവശ്യമാണ്.

സംഭാവന നൽകിയവർ: പടിപ്പുരയ്ക്കൽ കുടുംബസംഘം മുളന്തുരുത്തി, ബെന്നി ജോസഫ്, ജോൺ വർഗീസ് തിരുവാങ്കുളം, സ്കറിയ കുമ്പളം, ഡി.വി.ഡി. പ്രദീപ് കുമാർ പനമ്പിള്ളി നഗർ, അലൻ ടി. തോമസ് കോട്ടയം, ആലീസ് ലിവെറ്റോ എളമക്കര, പീറ്റർ മർസാൽ എളമക്കര.